(ബി) നടത്തിയിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി., റേ, ബി.എസ്.യു.പി., എന്നീ പദ്ധതികളുടെ അവലോകനം നഗരകാര്യ ഡയറക്ടർ വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ നടത്താറുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയെക്കുറിച്ചും നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ബി.എസ്.യു.പി. പദ്ധതിയെക്കുറിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി റേ പദ്ധതിയെക്കുറിച്ചും അവലോകനം നടത്താറുണ്ട്. എം.കെ.എസ്.പി., എൻ.ആർ.എൽ.എം. പദ്ധതികൾ സംബന്ധിച്ച് ജില്ലാ സംസ്ഥാനതല പി.ആർ.എമ്മുകളിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന അവലോകനയോഗങ്ങളിലും വിലയിരുത്തലുകൾ നടത്താറുണ്ട്.

(സി) 2014-15 വർഷത്തിൽ കേന്ദ്രത്തിൽനിന്നും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ കൊടുക്കുന്നു :

2014-15-ൽ ലഭ്യമായ തുക	ചെലവാക്കിയ തുക
6827.066 ലക്ഷം	3205.59 ലക്ഷം

പഞ്ചായത്ത് വകുപ്പ് ഡയറക്ടറേറ്റിൽ ഒഴിവുള്ള തസ്തികകൾ

222 (4265) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ എത്ര എൽ.ഡി. ക്ലാർക്ക്, എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലാണ് ഒഴിവുകൾ ഉള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ലാർക്ക് - 4

ഓഫീസ് അറ്റൻഡന്റ് (എൽ.ജി.എസ്.) - ഒഴിവില്ല.

എൽ.ഡി. ടൈപ്പിസ്റ്റ് - 1

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly